**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

വിഷയം:- അ.വ.ഡ. - ജീവനക്കാര്യം - സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ഹെഡ് ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1)ഉത്തരവ്.നം.ഇ.എസ്.2-40318/2012/ആ.വ.ഡ.,തീയതി: 15/12/2014.
2) ഉത്തരവ് നം. DHS/15/2024-ED1 തീയതി: 30-05-2024

**ഉത്തരവ് നം :DHS/13/2024-ED1 തിയതി : 01-06-2024**

ആരോഗ്യ വകുപ്പിലെ സീനിയർ ക്ലർക്കുമാരുടെ പരാമർശം (1) പ്രകാരമുള്ള സീനിയോറിറ്റി പട്ടികകളിൽ ഉൾപ്പെട്ട ചുവടെ പട്ടികയിൽ ചേർത്തിട്ടുള്ള സീനിയർ ക്ലർക്കിനെ 39300 - 83000 ശമ്പള സ്കെയിലിൽ KS&SSR Part II Rule 28 (b) (ii) പ്രകാരം ഹെഡ് ക്ലർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം | റാങ്ക് നം. | പേര്,പെൻ, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | ജനന തീയതി | നിയമിച്ചിരിക്കുന്ന സ്ഥാപനം | ഒഴിവുകളുടെ സ്വഭാവം |
|---|---|---|---|---|---|
| 1 | 730 | ശ്രീ.സുരേഷ്കുമാർ. പി<br>PEN - 185306<br>സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് & ക്ലിനിക്കൽ ലാബ് തിരുവനന്തപുരം. | 05-05-1972 | ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം) പത്തനംതിട്ട | ശ്രീ.സുനീഷ്കുമാർ കെ- യ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിലൂടെ |
| 2 | 731 | ശ്രീ.വി.ദിലീപ്<br>PEN - 272207<br>ജില്ലാ ആശുപത്രി ആലുവ, എറണാകുളം | 01-06-1974 | സാമൂഹികാരോഗ്യ കേന്ദ്രം, ഒല്ലൂർ, തൃശൂർ | ശ്രീമതി .രാജി തോമസ്-ന് സ്ഥാനക്കയറ്റം ലഭിച്ചതിലൂടെ |
| 3 | 732 | ശ്രീ.എം രൂപേഷ്<br>PEN - 331076<br>സാമൂഹികാരോഗ്യ കേന്ദ്രം മയ്യിൽ, | 23-05-1973 | താലൂക്ക് ആശുപത്രി ,തളിപ്പറമ്പ്, | ശ്രീമതി. മിസ്രിയ ആർ.പി.- യ്ക്ക് സ്ഥാനക്കയറ്റം |

| | | | | | |
|---|---|---|---|---|---|
| | | കണ്ണൂർ | | കണ്ണൂർ | ലഭിച്ചതിലൂടെ |
| 4 | 733 A | ശ്രീമതി.അനുപമ ടി.ആർ. PEN - 328589 കുടുംബാരോഗ്യ കേന്ദ്രം ആലക്കോട് ,ഇടുക്കി | 21/05/1971 | ജില്ലാ ആശുപത്രി , കണ്ണൂർ | ശ്രീമതി.ബിന്ദു പി.പി. കെ.- യ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിലൂടെ |

2.) 2024 ലോകസഭാ ഇലക്ഷൻ പെരുമാറ്റ ചട്ടം നിലനിൽക്കുന്നതിനാലും, 2024 -ലെ പൊതുസ്ഥലംമാറ്റ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും സീനിയർ ആയ ഹെഡ് ക്ലാർക്ക് ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കാതെയാണ് മേൽ പ്രകാരം ഉള്ള ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ നൽ കിയിട്ടുള്ളത്. ആയതിനാൽ പെരുമാറ്റച്ചട്ടം അവസാനിക്കുന്ന മുറയ്ക്കും, പൊതുസ്ഥലംമാറ്റം സംബന്ധിച്ചതും അല്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്ന മുറയ്ക്കും ടി ഉത്തരവ് പുനഃപരിശോധിക്കുന്നതാണ്.

3) നിലവിൽ മേൽപ്പറഞ്ഞ 4 ജീവനക്കാർക്ക് 2024 ലോകസഭാ ഇലക്ഷൻ ഡ്യൂട്ടി ലഭിച്ചിട്ടില്ല. എന്നിരുന്നാലും ലോകസഭാ ഇലക്ഷനുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിൽ ഡ്യൂട്ടി വരുകയാണെങ്കിൽ ഈ പ്രൊമോഷൻ ലഭിച്ചു എന്നത് കണക്കിലെടുക്കാതെ ബന്ധപ്പെട്ട സ്റ്റേഷനുകളിൽ അവർ നിർബന്ധമായും ഇലക്ഷൻ ഡ്യൂട്ടി നിർവഹിക്കേണ്ടതാണ്.

4) ഹെഡ് ക്ലാർക്കായി ഉദ്യോഗക്കയറ്റം നൽകി നിയമിക്കപ്പെട്ട ടി ജീവനക്കാരെ 2 വർഷത്തെ കാലാവധിക്കുള്ളിൽ ഒരു വർഷത്തെ പരിവീക്ഷണത്തിന് നിയോഗിച്ചിരിക്കുന്നു.

5) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുവാനും, ജോലിയിൽ പ്രവേശിക്കുന്നതിനുമുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

Signed by
M . Abul Kalam
Date: 01-06-2024 16:43:59
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് : 1) എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും, എല്ലാ സ്ഥാപന മേധാവികൾക്കും.

2) ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.

3) ഫയൽ/കരുതൽ ഫയൽ.